# കുട്ടിപ്പാചകക്കാരുടെ വിജയഗാഥ

● ദേവനന്ദ







ലൂസിൻഡ ഗബും കുഞ്ഞനിയൻമാരും

ഈ ലോക്ഡൗൺ കാലത്ത് കൂട്ടുകാർ എന്തെല്ലാം ചെയ്തു? ഓൺലൈനിലൂടെ പഠനം നടക്കുന്നുണ്ടെങ്കിലും പിന്നെയും ധാരാളം ഒഴിവു സമയം കിട്ടുന്നുണ്ടാകുമല്ലോ അല്ലേ? കഴിവുകൾ കണ്ടെത്താനും അവ മെച്ചപ്പെടുത്താനും ഇതാണു പറ്റിയ അവസരം. ഇതാ, ഈ മൂന്നു സഹോദരങ്ങളുടെ ലോക്ഡൗൺകാല വിശേഷങ്ങൾ അറിയൂ...

അലക്സാൻഡ്ര കുന്നുകൾക്കരികിലെ നഗരപ്രാന്ത പ്രദേശമായ ബ്രിസ്ബെനിലെ പതിനൊന്നു വയസ്സുള്ള ലൂസിൻഡ ഗബ് എന്ന പെൺകുട്ടിയും അവളുടെ കുഞ്ഞനിയന്മാരും ലോക്ഡൗൺ കാലം ഫലപ്രദമായി വിനിയോഗിച്ചത് എങ്ങനെ എന്നറിയേണ്ടേ? പഠനത്തിനു ശേഷം കളികളിൽ ഏർപ്പെട്ടിട്ടും മൂവർക്കും ധാരാളം ഒഴിവു സമയം കിട്ടി. അപ്പോഴാണ് ലൂസിൻഡയ്ക്ക് പുതിയൊരു ആശയം കിട്ടിയത്. അമ്മയുടെ പാചകക്കുറിപ്പുകൾ പരീക്ഷിക്കുക.

▸▸ കരയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി– എവറസ്റ്റ്









ഒൻപതു വയസ്സുള്ള ഇരട്ട സഹോദരന്മാരായ ഇലിയഡും ലിങ്കണും അവളുടെ സഹായികളായി.

ആദ്യമാദ്യം ചെറിയ വിഭവങ്ങൾ പാചകം ചെയ്ത ഇവർക്ക് വീട്ടുകാരിൽ നിന്ന് നല്ല പ്രോത്സാഹനം കിട്ടി. പിന്നെ മൂവരും ഒട്ടും അമാന്തിച്ചില്ല. അവർ തങ്ങളുടെ വിഭവങ്ങൾ വീടിനു പുറത്ത് വിൽപ്പനയ്ക്കു വച്ചു. രുചികരമായ ഭക്ഷണത്തെ പറ്റി കേട്ടറിഞ്ഞ വൻകിട പാചകക്കാർ ഇവരെ അലക്സാൻഡ്രെ ഹിൽസിലെ ഐ.ജി.എ സൂപ്പർമാർക്കറ്റിലെ സ്റ്റാളിലേക്കു ക്ഷണിച്ചു. അതൊരു നല്ല തുടക്കം തന്നെയായിരുന്നു. തുടർന്ന് കുട്ടിപ്പാചകക്കാർ  'കിഡ്സ് റോക്ക് കിച്ചൺ' (KRTK) എന്ന പേരിൽ ഒരു ബിസിനസ് ആരംഭിച്ചു.

കൂടുതൽ ഭക്ഷണ വിഭവങ്ങളുമായി കച്ചവടം നല്ല രീതിയിൽ പുരോഗമിച്ചു. എന്നാൽ കൊറോണയുടെ അതിപ്രസരവും ലോക്ഡൗണും കാരണം പുറത്തെ കച്ചവടം മുടങ്ങി. എന്നാൽ ഇവർ പിന്മാറിയില്ല. ഓൺലൈനിലൂടെ ലഭിക്കുന്ന ഓർഡറുകൾ സ്വീകരിച്ച് ഇപ്പോൾ ഇവർ വിഭവങ്ങൾ വിറ്റഴിക്കുന്നുണ്ട്. പല രൂപത്തിലും വലുപ്പത്തിലും രുചിയിലുമുള്ള ഇവരുടെ കുക്കീസും ചോക്ലേറ്റ് ബ്രൗണീസുമൊക്കെയാണ് ആളുകളുടെ പ്രധാന ഇഷ്ട വിഭവങ്ങൾ. ഈ ബിസിനസ് സംരംഭത്തിലൂടെ തങ്ങൾ ഒത്തിരി കാര്യങ്ങൾ പഠിച്ചു എന്ന് കുട്ടിപ്പാചകക്കാർ വെളി

▸▸ ഭൂമിയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി– മൗനാ കീ(ശാന്തസമുദ്രം)

പ്പെടുത്തി.

പാചകത്തിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിലും പാചകം ചെയ്യുന്നതിലും മാത്രമല്ല, അടുക്കള വൃത്തിയാക്കാനും ഭക്ഷണ സാധനങ്ങൾ നന്നായി വിൽക്കാനും കച്ചവട കാര്യങ്ങൾ ഏകോപിപ്പിക്കുവാനും ഈ മൂവർ സംഘം ഇതിനോടകം മിടുക്കു തെളിയിച്ചു. കൂടാതെ കെ.ആർ.ടി.കെയുടെ വരുമാനത്തിന്റെ 20 ശതമാനം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഇവർ വിനിയോഗിക്കുന്നുണ്ട്.

ഒരു ചെറിയ അലൂമിനിയം ബോട്ട് സ്വന്തമാക്കണമെന്നാണ് സാഹസികത ഇഷ്ടപ്പെടുന്ന ഇരട്ട സഹോദരന്മാരുടെ ആഗ്രഹം. അതിനു വേണ്ടി ചെറുപ്രായത്തിൽ തന്നെ ഇവർ സമ്പാദ്യശീലവും തുടങ്ങിക്കഴിഞ്ഞു. കച്ചവടത്തിൽ നിന്നുള്ള ലാഭത്തിൽ നിന്ന് കൂടുതൽ പാവങ്ങളെ സഹായിക്കുവാനും തങ്ങളുടെ ഇഷ്ടങ്ങൾ സ്വന്തമാക്കുവാനും ഈ ബിസിനസ്സിലൂടെ കഴിയുമെന്ന് കുട്ടിക്കച്ചവടക്കാർക്ക് ഉറപ്പുണ്ട്. അതിനായി നൂറു ശതമാനം അർപ്പണബോധത്തോടെയാണ് ഈ കുട്ടികൾ പ്രവർത്തിക്കുന്നത്. അതെ, ഏതൊരു പ്രതിസന്ധിയിലും പ്രതീക്ഷ കൈവിടാതെ ബുദ്ധിപൂർവം മുന്നേറുന്നവർക്ക് പ്രായമോ മുൻപരിചയക്കുറവോ തടസ്സമാകില്ലെന്ന് ഈ കുട്ടികൾ തെളിയിക്കുന്നു. •

# അമ്മിണിക്കുട്ടിയുടെ പൂങ്കോഴി

• ടി.വി ഹരികുമാർ

അമ്മിണിക്കുട്ടിക്കൊണ്ടൊരു കോഴി
പുള്ളികളുള്ളൊരു പൂങ്കോഴി
നാലുവെളുപ്പിനു കൂവിയുണർത്തും
വീടിനു ചുറ്റും മണ്ടി നടക്കും
പരിചയമില്ലാത്തവരെക്കണ്ടാൽ
പാഞ്ഞുവരുന്നുണ്ടോടിക്കാൻ
അമ്മിണിക്കുട്ടിക്കരികിൽ വന്ന്
കൈകളിൽ നിന്നും തീറ്റയെടുക്കും
അലിവോടവനെ ചേർത്തുപിടിച്ച്
മകനെയെന്നു വിളിക്കുമ്പോൾ
കണ്ണുമടച്ച് ചുണ്ടുമുയർത്തി
നീട്ടിക്കൂവും പൂങ്കോഴി



▸▸ കരയിലെ ഏറ്റവും ആഴംകൂടിയ ഭാഗം– ചാവുകടൽ